**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **10-06-2024 - ൽ മറുപടിയ്ക്ക്**

**ദുരന്ത നിവാരണ നടപടികളും നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിശക്തമായ മഴ കാരണം ഉണ്ടായ ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കാലവർഷം കാരണം ഉണ്ടായ ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാന റിലീഫ് കമ്മീഷണറുടെ നേതൃത്വത്തിൽ 2024 മെയ് 25-ന് അണക്കെട്ടുകളിലെ ജലനിരപ്പ് , മഴക്കാല തയ്യാറെടുപ്പ് തുടങ്ങിയവ അവലോകനം ചെയ്യാൻ റൂൾ കർവ് കമ്മിറ്റി യോഗം ചേർന്നു. എറണാകുളം, തിരുവനന്തപുരം നഗരങ്ങളിലെ വെള്ളക്കെട്ട് ലഘൂകരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സംസ്ഥാന തലത്തിൽ തന്നെ പ്രത്യേക യോഗങ്ങൾ ചേരുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയ പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്തു.<br><br>അപകട തീവ്രതയുടെ അടിസ്ഥാനത്തിൽ ജാഗ്രതാ മുന്നറിയിപ്പ് സന്ദേശങ്ങൾ കോമൺ അലേർട്ട് പ്രോട്ടോകോൾ (CAP) വഴി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടി സ്വികരിച്ചു.<br><br>ദുരന്ത മുന്നറിയിപ്പ് സന്ദേശങ്ങൾ സംസ്ഥാന സർക്കാർ വ്യാപകമായി ആകാശവാണി, ടിവി, ഇലക്ട്രോണിക് മാധ്യമങ്ങൾ (സാമൂഹിക) സൈറണുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വികസിപ്പിച്ച കവചം (Kerala Warnings Hazards and Crisis Management System (KaWaChaM)) എന്നിവ ഉപയോഗിച്ച് ജനങ്ങളിലേക്ക് എത്തിക്കുന്നു.<br><br>24മണിക്കൂറിനുള്ളിലെ പ്രതിദിന ദുരന്ത നാശനഷ്ടങ്ങളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചുള്ള ഗൂഗിൾ ഷീറ്റ് ഉപയോഗിച്ച് ജില്ലാ അടിയന്തര കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ നിന്നും 3.00മണിയ്ക്ക് മുൻപ് സംസ്ഥാന അടിയന്തര കാര്യനിർവ്വഹണ കേന്ദ്രത്തിലേക്ക് സമർപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻസ്, റോഡ് ഗതാഗതം എന്നീ അവശ്യസേവനങ്ങൾ വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് ദുരന്തങ്ങൾ മൂലം തടസ്സപ്പെട്ടാൽ ഉടൻ പുനഃസ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപന യോഗം സംഘടിപ്പിച്ചിട്ടുണ്ട്. കാലവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖകളിൽ (ഓറഞ്ച് ബുക്ക്) പ്രസിദ്ധീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ, ഉപ്പ്, ഭക്ഷ്യ എണ്ണ തുടങ്ങിയ അവശ്യവസ്തുക്കൾ ശേഖരിച്ച് വെച്ചിട്ടുണ്ട് . സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മഴക്കാല മുന്നൊരുക്കങ്ങളുടെ പശ്ചാത്തലത്തിൽ ജലജന്യരോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ സംഭരിച്ചിട്ടുണ്ട്.<br><br>സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ദുരിതാശ്വാസ ക്യാമ്പുകളുടെയും സമഗ്രമായ വിശദാംശങ്ങൾ തയ്യാറാകുകയും ഈ വിവരങ്ങൾ ജില്ലകളുമായി പങ്കുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത്, നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്റ്റ് (NCRMP) ഷെൽട്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പുകൾ ദുർബല പ്രദേശങ്ങളിൽ നിന്ന് ഒഴിപ്പിക്കുന്ന ആളുകൾക്കായി ദുരിതാശ്വാസ ക്യാമ്പുകൾ / താൽക്കാലിക ഷെൽട്ടറുകൾ സംഘടിപ്പിക്കുന്നതിന് നിരവധി സ്കൂളുകളും പഞ്ചായത്ത് കെട്ടിടങ്ങളും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ദുരന്ത നിവാരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ; ജില്ല അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ വർഷത്തെ കാലവർഷ കെടുതിയിൽ ഇരയായതും നഷ്ട പരിഹാരത്തിനായി അപേക്ഷ നൽകിയതുമായ എത്ര കുടുംബങ്ങൾ ഉണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഈ കുടുംബങ്ങൾക്ക് നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം I</u>

| ക്രമ. നമ്പർ | ജില്ല | ചെലവഴിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 93,22,03,935/- |
| 2 | കൊല്ലം | 77,34,79,572/- |
| 3 | പത്തനംതിട്ട | 37,66,73,684/- |
| 4 | കോട്ടയം | 55,21,26,325/- |
| 5 | ആലപ്പുഴ | 68,30,69,695/- |
| 6 | ഇടുക്കി | 31,08,75,974/- |
| 7 | എറണാകുളം | 1,02,89,64,515/- |
| 8 | തൃശ്ശൂർ | 8,50,09,375/- |
| 9 | പാലക്കാട് | 1,01,15,21,585/- |
| 10 | മലപ്പുറം | 14,16,12,410/- |
| 11 | കോഴിക്കോട് | 35,87,33,488/- |
| 12 | വയനാട് | 39,89,90,278/- |
| 13 | കണ്ണൂർ | 86,03,98,066/- |
| 14 | കാസറഗോഡ് | 40,77,79,859/- |

# അനുബന്ധം II

| ക്രമ. നം | ജില്ല | നഷ്ടപരിഹാരത്തിന് അർഹമായ കുടുംബങ്ങൾ | മരണപ്പെട്ടവരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 251 | - | 67,91,100/- |
| 2 | കൊല്ലം | 406 | 04 | 1,73,79,000/- |
| 3 | പത്തനംതിട്ട | 214 | - | 31,92,300/- |
| 4 | കോട്ടയം | 402 | - | 1,02,03,700/- |
| 5 | ആലപ്പുഴ | 802 | - | ധനസഹായം അനുവദിച്ചിട്ടില്ല |
| 6 | ഇടുക്കി | 43(പൂർണഭവന നാശം) | - | 55,90,000/- |
| 7 | എറണാകുളം | 208 | - | 75,54,000/- |
| 8 | തൃശ്ശൂർ | 407 | 08 | 2,11,48,000/- |
| 9 | പാലക്കാട് | 210 | - | 1,20,34,000/- |
| 10 | മലപ്പുറം | 119 | 07 | 42,64,500/- |
| 11 | കോഴിക്കോട് | 243 | 06 | 46,35,706/- |
| 12 | വയനാട് | 21 | 03 | 7,45,500/- |
| 13 | കണ്ണൂർ | 445 | 06 | 82,53,500/- |
| 14 | കാസർഗോഡ് | 466 | 01 | 3,56,47,000/- |